പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2260 — 23.01.2014-ൽ മറുപടിയ്ക്ക്

# കെ. എസ്. ഇ. ബി യുടെ കമ്പനിവൽക്കരണവും നിയമനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>ശ്രീ. എ. എം. ആരിഫ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ബോർഡിനെ കമ്പനിയായി പുന:സംഘടിപ്പിക്കുമ്പോൾ ആയത് ഉപഭോക്താവിനെ എങ്ങനെ ബാധിക്കാനിടയുണ്ടെന്ന് അറിയിക്കാമോ ; | (എ) ഇലക്ട്രിസിറ്റി ആക്ട് 2003 അനുശാസിക്കുന്ന പ്രകാരവും കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങളനുസരിച്ചുമാണ് സംസ്ഥാന വൈദ്യുതി ബോർഡിനെ പുന;സംഘടിപ്പിക്കാൻ കേരള സർക്കാർ തീരുമാനിച്ചത്. വൈദ്യുതി ബോർഡിനെ കമ്പനിയാക്കുന്നതുകൊണ്ട് ഉപഭോക്താക്കളെ ഏതെങ്കിലും വിധത്തിൽ ദോഷകരമായി ബാധിക്കാനിടയില്ലെന്നാണ് സർക്കാർ കരുതുന്നത്. വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സഹായം ലഭിക്കുന്നതിന് കമ്പനിവൽക്കരണം കൂടി ഒരു മാനദണ്ഡമായി നിഷ്ക്കർഷിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിനെ കമ്പനിയായി പുന:സംഘടിപ്പിക്കുന്നതു വഴി കേന്ദ്രവിഷ്കൃത പദ്ധതികളുടെ പ്രയോജനം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് സാധിക്കും. |
| (ബി) പുതിയ കമ്പനിയിൽ നിയമനങ്ങൾ പി. എസ്. സി. വഴിയായിരിക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ? | (ബി) പുതിയ കമ്പനിയിൽ ഉദ്യോഗസ്ഥരുടെ തിരഞ്ഞെടുപ്പും നിയമനവും പി. എസ്. സി മുഖാന്തിരം മുൻപ് ചെയ്തിരുന്നതുപോലെ തുടരുന്നതിന് രണ്ടാം കൈമാറ്റ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.